നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിനു പുറമേ കൂടുതൽ തിരക്ക് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അവധി/ അധിക ദിവസങ്ങളിൽ പ്രത്യേകം ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഒഴിവുള്ള തസ്തികകളുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ആർ.ടി.ഒ.	1
ജോയിന്റ് ആർ.ടി.ഒ.	4
എം.വി.ഐ.	1
എ.എം.വി.ഐ.	5
ക്ലാർക്ക്	72
ടൈപ്പിസ്റ്റ്	10
പ്യൂൺ	20
ഡ്രൈവർ	19
ആകെ	132

(ഡി) നികുതി ഒടുക്കുന്നതിനുള്ള ഗ്രേസ് പീരിയഡിൽ എല്ലാ ആർ.ടി./സബ് ആർ.ടി. ഓഫീസുകളിലും തിരക്കിനാനുപാതികമായി അധിക ടാക്സ് കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ക്വാർട്ടറിലും ഒരു ദിവസം സെക്രട്ടേറിയറ്റിൽ സ്പെഷ്യൽ ടാക്സ് കൗണ്ടർ പ്രവർത്തിപ്പിക്കുന്നു. ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ ഗ്രേസ് പീരിയഡിൽ 4 കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. വാഹന നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

പറവൂർ ജോയിന്റ് ആർ.ടി. ഓഫീസ്

(348) <u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വടക്കൻ പറവൂർ ജോയിന്റ് ആർ.ടി. ഓഫീസ് എന്നാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) ഇവിടെ ഇപ്പോൾ എത്ര ജീവനക്കാരുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പ്രദേശങ്ങളാണ് പറവൂർ ജോയിന്റ് ആർ.ടി.ഒ. അധികാര പരിധിയിൽ വരുന്നത്;

(ഡി) ജോയിന്റ് ആർ.ടി. ഓഫീസ് പറവൂരിൽ ആരംഭിച്ചശേഷം ഓരോ വർഷത്തേയും വരുമാനം എത്രയാണ്; വ്യക്തമാക്കുമോ;

(ഇ) പറവൂർ ജോയിന്റ് ആർ.ടി. ഓഫീസിൽ പ്യൂൺ, സ്വീപ്പർ തസ്തിക ഉണ്ടോ; ഉണ്ടെങ്കിൽ ആ തസ്തികകളിൽ ഇന്ന് ജോലിക്കാരുണ്ടോ; ഇല്ലെങ്കിൽ ഇന്ന് ഈ ജോലികൾ ചെയ്യുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പറവൂരിൽ ജോയിന്റ് ആർ.ടി. ഓഫീസിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പറവൂരിൽ ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിച്ചശേഷം എത്ര വാഹനങ്ങൾ ഇവിടെ രസിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 13.3.95-ൽ മുതൽ.

(ബി) 13 ജീവനക്കാർ.

(സി) പറവൂർ താലൂക്ക്, വൈപ്പിൻ ഐലന്റ് എന്നീ പ്രദേശങ്ങളാണ് പറവൂർ ജോയിന്റെ ആർ.ടി.ഓഫീസിന്റെ പരിധിയിൽ വരുന്നത്.

(ഡി) വരുമാനം വർഷം തിരിച്ച് താഴെ ചേർക്കുന്നു.

വർഷം	തുക (രൂപയിൽ)
1995	26.118/-
1995-96	28,56,687/-
1996-97	3,41,59,425/-
1997-98	4,20,95,194/-
1998-99	4,39,93,511/-
1999-2000	5,28,12,016/-

(ഇ) രണ്ട് പ്യൂൺ തസ്തികയുണ്ട്. രണ്ടിലും ജീവനക്കാരുമുണ്ട്. സ്വീപ്പർ തസ്തിക ഇല്ല. ഈ ജോലി കെട്ടിട ഉടമസ്ഥൻ ചെയ്യിക്കുന്നു.

(എഫ്) ഇല്ല.

(ജി) 13,613 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

റോഡ് ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ

(349) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളുടെ വർധനവുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബസ്സുടമകൾ അവരുടെ സൗകര്യത്തിന് ബസ്സ് റൂട്ട് നിശ്ചയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു തടയാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആർ.ടി.എ കളുടെ നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഗതാഗത മേഖലയെ ഒരു സർവ്വീസ് മേഖലയായി കണക്കാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly